ശ്രീ. വി.സി. കബീർ : അത് അന്വേഷിച്ചതിനുശേഷമേ മറുപടി പറയാൻ പറ്റുകയുള്ളൂ. എന്റെ കയ്യിൽ അതിന്റെ രേഖകളില്ല.

അനധികൃത ഗ്യാസ് സിലിണ്ടർ വിതരണം

3 (*303)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് ഏജൻസികൾ പാചകവാതക സിലിണ്ടറുകൾ തിരിമറി നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി 1999 ഡിസംബർ മാസത്തിൽ ഹോട്ടലുകളിലും മറ്റും റെയിഡ് നടത്തിയിരുന്നോ;

(സി) എങ്കിൽ എവിടെനിന്നെല്ലാം അനധികൃതമായി ഉപയോഗിച്ചിരുന്ന ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുത്തുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം ഗ്യാസ് ഏജൻസികളുമായി ബന്ധപ്പെട്ട സിലിണ്ടറുകൾ പിടിച്ചെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഇ) അനധികൃതമായി ഗ്യാസ് സിലിണ്ടർ വിതരണം ചെയ്ത ഏജൻസികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇടയ്ക്കിടയ്ക്ക് ഗ്യാസ് ഏജൻസികളിൽ പരിശോധന നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ :

(എ) ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റെയ്ഡ് നടത്തിയിരുന്നു,

(സി)&(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശൂർ ജില്ലകളിൽ ചില ഏജൻസികൾ തിരിമറി നടത്തിയതായി കണ്ടെത്തുകയും ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. അവയെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ അനുബന്ധമായി† ചേർത്തിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഓയിൽ കമ്പനികളുടെ പ്രതിനിധികളേയും സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരേയും ഉൾപ്പെടുത്തി ഇടയ്ക്കിടെ റെയ്ഡുകൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് നേതൃത്വം നൽകുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : (സി) ഉപചോദ്യത്തിന്റെ അനുബന്ധമായി ബഹുമാനപ്പെട്ട മന്ത്രി നൽകിയ രേഖയിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞ കാര്യം ഇതിൽ വളരെ വ്യാപകമായി തിരിമറി നടക്കുന്നുണ്ടെന്നാണ്. തിരുവനന്തപുരം ജില്ലയിലെ 3 ഹോട്ടലുകളിൽ നിന്നുമായി 17 ഗ്യാസ് സിലിണ്ടറുകളെങ്കിലും പിടിച്ചെടുത്തു. കൊല്ലത്തെ 30 ഹോട്ടലുകളിൽനിന്ന് 24

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

സിലിണ്ടർ പിടിച്ചെടുത്തു. ഉദാഹരണത്തിന് അവിടെ രണ്ടു റെയ്ഡുകളിൽനിന്നുമാത്രം 41 സിലിണ്ടർ പിടിച്ചെടുത്തു. വ്യാപകമായ ഒരു റാക്കറ്റ്തന്നെ ഇതിൽ പ്രവർത്തിക്കുന്നുണ്ടോ എന്നുവേണം സംശയിക്കാൻ. ഇത്തരം ആളുകളുടെ പേരിൽ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്തു നടപടിയാണ് സ്വീകരിക്കുന്നത്? മാത്രമല്ല, ഇതു പോലെ വ്യാപകമായ തട്ടിപ്പ് നടത്തുന്ന ഏജൻസികളെ ഡിസ്കാളിഫൈ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഓയിൽ കോർപ്പറേഷനാണ് ഡിസ്കാളിഫിക്കേഷൻ ലൈസൻസിംഗ് അതോറിറ്റി. ഇവിടെ കേസ് എടുത്തിട്ട് അതിന്റെ അനന്തര നടപടികൾക്കായി കൊടുത്തിട്ടുണ്ട്. അതിൽ എത്ര ഡിസ്കാളിഫൈ ചെയ്തു എന്നതിന്റെ ലിസ്റ്റ് കിട്ടിയിട്ടില്ല. ഡിസ്കാളിഫൈ ചെയ്യുകയും പകരം ലൈസൻസ് കൊടുക്കുകയും ചെയ്യേണ്ടത് ഓയിൽ കോർപ്പറേഷനാണ്, സ്റ്റേറ്റ് ഗവൺമെന്റല്ല.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : പൊതുവിതരണ മേഖലയിൽ ഉണ്ടാകുന്ന പ്രശ്നമാണ് പ്രൈവറ്റ് ഏജൻസി എപ്പോഴും തട്ടിപ്പ് നടത്താൻ ഇടയാക്കുന്നു. നീതിസ്റ്റോർ വഴി ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യാൻ പറ്റുകയാണെങ്കിൽ ഇതുപോലുള്ള തട്ടിപ്പ് ഒഴിവാക്കാൻ സാധിക്കും. ഞാൻ മനസ്സിലാക്കുന്ന ഒരു കാര്യം നീതിസ്റ്റോർവഴി ആവശ്യമായ വിധത്തിൽ വിതരണം ചെയ്യാൻ കഴിയാത്ത ഒരു അവസ്ഥയുണ്ട് എന്നാണ്. അത് കുറേക്കൂടി ഭദ്രമാക്കാനും കൂടുതൽ നീതിസ്റ്റോർ ഫലപ്രദമായി ഈ രംഗത്ത് പ്രവർത്തിക്കുവാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പെട്രോളിയം മിനിസ്ട്രിയാണ് ഏജൻസി അനുവദിക്കുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അപേക്ഷിച്ചാൽപോലും സിവിൽ സപ്ലൈസിനേയും പ്രൈവറ്റ് ഏജൻസിയേയും തുല്യനിലയിലേ കാണാനൊക്കൂ എന്നവർ പറഞ്ഞിട്ടുണ്ട്. ഷെഡ്യൂൾഡ് കാസ്റ്റ്, അതുപോലെ പല ക്രൈറ്റീരിയയുണ്ട്. അതനുസരിച്ചേ കൊടുക്കുകയുള്ളൂ. നീതി സ്റ്റോർ ഇപ്പോൾ പ്രൈവറ്റ് ഗ്യാസ് ഏജൻസിയായിട്ടാണ് പ്രവർത്തിക്കുന്നത്. അവയുടെ കപ്പാസിറ്റി അനുസരിച്ച് ഇപ്പോൾ പലയിടത്തും അവർ കണക്ഷൻ കൊടുക്കുന്നുണ്ട്. ഇപ്പോൾ പ്രൈവറ്റ് ഏജൻസീസും വന്നിട്ടുണ്ട്. ഇനി പുതിയ ഗവൺമെന്റിന്റെ വിലയുടെ തീരുമാനം വരുമ്പോൾ ഇതിന് പ്രത്യേകത കാണുമോ എന്നുള്ളത് അറിയാൻ പറ്റുകയില്ല.

ശ്രീ. എം.വി. ജയരാജൻ : അനധികൃത ഗ്യാസിന്റെ വിതരണവും വിൽപ്പനയും വ്യാപകമാക്കുന്നതിനുള്ള പ്രധാനമായിട്ടുള്ള കാരണം കേരളത്തിൽ പൊതുമേഖലയിൽ ഗ്യാസ് വരുന്നില്ല എന്നുള്ളതാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡും ഉണ്ട്. അങ്ങുതന്നെ മറുപടിയിൽ പറഞ്ഞതുപോലെ സിവിൽ സപ്ലൈസ് കോർപ്പറേഷനേയും കൺസ്യൂമർ ഫെഡ് ഉൾപ്പെടെയുള്ള പൊതു ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളേയും കേന്ദ്ര ഗവൺമെന്റ് കണക്കാക്കുന്നത് സ്വകാര്യ വ്യക്തികളായിട്ടാണ്. അത് മാറ്റാൻ വേണ്ടി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാൻ നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. അതവർ മാറ്റില്ലെന്ന് പറഞ്ഞിരിക്കുകയാണ്. അങ്ങേയ്ക്കുതന്നെ അറിയാവുന്നകാര്യമാണ്. പുത്തൻ സാമ്പത്തികനയം എന്നു പറയുന്നത് ഇതുതന്നെ എടുത്ത് പലർക്കും കൊടുക്കണമെന്നുള്ളതാണ്. പൊതുമേഖല തന്നെ

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യവൽക്കരിക്കണം എന്നു പറയുമ്പോൾ ഇത് വേണ്ടാ എന്ന് എങ്ങനെ സമ്മർദ്ദം ചെലുത്താനാണ്? അവരോട് മത്സരിച്ച് ആപ്ലിക്കേഷൻ കൊടുത്തിട്ടുണ്ട്. പലതും കൺസിഡർ ചെയ്തിട്ടില്ല.

ശ്രീ. തോമസ് ചാഴികാടൻ : ഗ്യാസ് സിലിണ്ടറിന് അപേക്ഷ കൊടുത്ത് കിട്ടിയിട്ടുള്ള ആളുകൾ മറ്റ് സ്ഥലത്തേക്ക് ട്രാൻസ്ഫർ ആകുമ്പോൾ അത് ട്രാൻസ്ഫർചെയ്ത് കിട്ടുന്നില്ല. ഏജൻസികളുടെ സർട്ടിഫിക്കറ്റോടുകൂടി വന്നാൽപോലും ട്രാൻസ്ഫർ ആയിക്കിട്ടാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. അങ്ങനെയുള്ള പല കേസുകളും ഉണ്ട്. അതൊഴിവാക്കാൻ ഗവൺമെന്റ് പ്രത്യേക നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സ്പെസിഫിക് കേസ് വന്നാൽ ഞങ്ങൾ ഫോർവേഡ് ചെയ്യാം. ഇതൊന്നും സ്റ്റേറ്റ് ഗവൺമെന്റല്ല ചെയ്യുന്നത്. അതാണ് വിഷമം.

ശ്രീ. കെ.പി. രാജേന്ദ്രൻ : നമ്മുടെ നാട്ടിൽ വിറകിന്റെ വില വർദ്ധിച്ചതുകൊണ്ടും, മണ്ണെണ്ണയുടെ വിലകൂടിയതുകൊണ്ടും നാട്ടിൻപുറങ്ങളിലുൾപ്പെടെയുള്ളവർ ഇപ്പോൾ ഗ്യാസിനു വേണ്ടി മുന്നോട്ടുവന്നു കൊണ്ടിരിക്കുകയാണ്. ജനപ്രതിനിധികൾ ജില്ലാകളക്ടർക്കും സിവിൽ സപ്ലൈസിനും കത്തു കൊടുത്തും നിവേദനം നൽകിയും മറ്റുമാണ് ചില സ്ഥലങ്ങൾ നോട്ടിഫൈ ചെയ്യുന്നത്. നോട്ടിഫൈ ചെയ്ത സ്ഥലങ്ങളിൽപ്പോലും ഏജൻസി കൊടുക്കുന്ന കാര്യത്തിൽ വളരെ കാലതാമസം നേരിടുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ, അടിമംഗലം, ചൊവ്വൂർ, അഴൂവിൽ എന്നീ 3 സ്ഥലങ്ങളിൽ രണ്ട് വർഷമായി ജനങ്ങൾ ഏജൻസിക്കു വേണ്ടി കാത്തിരിക്കുകയാണ്. അതുകൊണ്ട് അപേക്ഷ ക്ഷണിച്ച സ്ഥലങ്ങളിൽ ഏജൻസി അനുവദിക്കുന്നതിനു വേണ്ട നടപടികൾ എത്രയും വേഗം പൂർത്തിയാക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ധാരാളം ഏജൻസി വേണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഇന്ന് വിറക് ലഭിക്കുന്നില്ല എന്ന് മാത്രമല്ല ഇപ്പോൾ ആളുകൾ വാടകയ്ക്കു വീട് ആവശ്യപ്പെട്ടാൽ ഉടമസ്ഥർ ആദ്യം ചോദിക്കുന്നത് നിങ്ങൾക്ക് ഗ്യാസോ, സ്റ്റൗവോ ഉണ്ടോയെന്നാണ്. വീട് വാടകയ്ക്ക് കൊടുക്കുന്നവരാരും വീട്ടിൽ വിറക് കത്തിക്കാൻ സമ്മതിക്കില്ല. അതൊരു genuine പ്രോബ്ലം ആണ്. അതുകൊണ്ട് ഗവൺമെന്റ് നിർബന്ധമാക്കാറുണ്ട്. അപേക്ഷ കൊടുത്തിട്ടും അനുവദിച്ചുകിട്ടുന്നില്ല.

ശ്രീ. കെ.എ. ചന്ദ്രൻ : പാചകാവശ്യത്തിനാണ് ഗ്യാസ് അത്യാവശ്യം വേണ്ടുന്നത്. പാചകാവശ്യത്തിന് ഗ്യാസ് കിട്ടാത്ത ഒരു സ്ഥിതി ഇന്നുണ്ട്. വൻകിട ഹോട്ടലുകാർ വൻതോതിൽ ഗ്യാസ് ശേഖരിച്ച് ഉപയോഗിക്കുന്നു. ഇപ്പോൾ വാഹനങ്ങളിൽ ഗ്യാസ് ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇക്കാരണങ്ങളാൽ സാധാരണക്കാരായ ആളുകൾക്ക് പാചകാവശ്യത്തിന് ഗ്യാസ് ലഭിക്കുന്നില്ല. അവർക്ക് ലഭിക്കേണ്ടുന്ന കോട്ട കൃത്യമായി ലഭിക്കും എന്ന് ഉറപ്പ് വരുത്താൻ എന്തെങ്കിലും നടപടിയെടുക്കാൻ കഴിയുമോ; അത് ഗ്യാസ് ഏജൻസി മാത്രം വിചാരിച്ചാൽ നടക്കുന്നതാണോ; ഓയിൽ കോർപ്പറേഷനും കേരള സർക്കാരും മുൻകൈയെടുത്ത് നമ്മുടെ വീടുകളിലെ പാചകാവശ്യത്തിന് ലഭിക്കുന്ന ഗ്യാസ് അവർക്കു മാത്രമായി ലഭ്യമാക്കാൻ വേണ്ടുന്ന പരിശോധനയും നടപടിയും സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : വീടുകളിൽ പാചകാവശ്യത്തിനുള്ള ഗ്യാസ് ആണെങ്കിൽ അത് എടുക്കാനും ആക്ഷൻ എടുക്കാനും ഡിപ്പാർട്ടു

LIBRARY ARCHIVES Kerala Legislative Assembly

മെന്റിന് റൈറ്റ് ഉണ്ട്. ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കോ-ഓർഡിനേറ്റഡ് എഫർട്ട് വേണം; കോർപ്പറേഷന്റെ ഉദ്യോഗസ്ഥന്മാരും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരും കൂടെ ചേർന്ന് റെയ്ഡ് ചെയ്യണം എന്നു പറഞ്ഞു. സബ്സിഡൈസ്ഡ് ഹൗസ് കൺസംപ്ഷന്റെ ഗ്യാസ് ഹോട്ടലിൽ ഉപയോഗിക്കാൻ പാടില്ല. അവർക്ക് പ്രത്യേകം വലിയ സിലിണ്ടർ ഉണ്ട്. അതിന് വില കൂടുതലാണ്. പക്ഷേ ദൗർഭാഗ്യവശാൽ ഇപ്പോഴും ഗ്യാസ് ഏജൻസികൾ വീടുകൾക്ക് കൊടുക്കാനുള്ള ഗ്യാസ് ഹോട്ടലുകൾക്ക് കടത്തികൊടുക്കുന്നുണ്ട്. അങ്ങനെ നിരവധി കേസുകൾ പിടിച്ചിട്ടുണ്ട്. അതിനെതിരെ ആക്ഷനും എടുക്കുന്നുണ്ട്.

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : ഗ്യാസ് കണക്ഷനുവേണ്ടിയുള്ള എത്ര അപേക്ഷകളാണ് ഇപ്പോൾ പെന്റിംഗിലുള്ളത്; ഇന്നത്തെ സ്ഥിതിയിൽ അവർക്ക് കണക്ഷൻ ലഭിക്കുന്നതിന് എത്രകാലം പിടിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : ഇപ്പോൾ ഐ.ഒ.സി.യിൽ നാലരലക്ഷം, ബി.പി.സി.യിൽ 3.04 ലക്ഷം, എച്ച്.പി.സി.യിൽ 1.19 ലക്ഷം-അങ്ങനെ എട്ടര ലക്ഷം അപേക്ഷകൾ ഇപ്പോൾ പെന്റിംഗായിട്ടുണ്ട്. ബോട്ടിലിംഗ് കപ്പാസിറ്റി ഇൻക്രീസ്ചെയ്തെങ്കിൽ മാത്രമേ ഈ ഡിമാന്റ് സാറ്റിസ്ഫൈചെയ്യാൻ സാധിക്കൂ.

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, പുതുതായി ഗ്യാസ് കണക്ഷൻ ലഭിക്കുന്ന ആളുകൾ അടുപ്പ് എടുത്താലേ ഗ്യാസ് കണക്ഷൻ കൊടുക്കുകയുള്ളൂ എന്ന് ചില ഗ്യാസ് ഏജൻസികൾ നിഷ്ക്കർഷിക്കുന്നുണ്ട്. അങ്ങനെയൊരു നിയമം ഇല്ല. ഗ്യാസ് കണക്ഷൻ കിട്ടുന്നവർക്ക് ചിലപ്പോൾ സ്വന്തമായി അടുപ്പ് ഉണ്ടായിരിക്കും. അടുപ്പ് എടുത്താലേ ഗ്യാസ് കണക്ഷൻ കൊടുക്കുകയുള്ളൂ എന്നു പറഞ്ഞ് ഗ്യാസ് കണക്ഷൻ കൊടുക്കാതിരിക്കുന്ന നിരവധി ഏജൻസികളുണ്ട്. അതിനെതിരെ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സ്പെസിഫിക് ആയിട്ടുള്ള ആരോപണങ്ങൾ കിട്ടിയാൽ നടപടി സ്വീകരിക്കാം.

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : സർ, കാറുകളിൽ ഗ്യാസ് ഉപയോഗിക്കുന്നതിന് പ്രത്യേകമായി കേരള ഗവൺമെന്റ് എന്തെങ്കിലും സേഫ്റ്റി മെഷേഴ്സിനു നിർദ്ദേശം കൊടുത്തിട്ടുണ്ടോ; ഇപ്പോൾ പെട്രോൾ കാറുകളിലും ഗ്യാസ് ഉപയോഗിക്കുന്നുണ്ട്. ബഹുമാനപ്പെട്ട കെ.എ. ചന്ദ്രൻ പറഞ്ഞതുപോലെ ഇതു വഴി ഗ്യാസിനു കൂടുതൽ ക്ഷാമം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അതിനെതിരെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രത്യേകിച്ചും സേഫ്റ്റിയുടെ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : കാറിന്റെ സേഫ്റ്റി മെഷേഴ്സ് പരിശോധിക്കുന്നതിന് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന് ഒരു നടപടിയുമില്ല. അത് കൈകാര്യം ചെയ്യുന്നത് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

6.3.2000-ലെ ചോദ്യം നമ്പർ 3 (*303)-ന്റെ ഉത്തരം കാണുക.

ജില്ല	റെയ്ഡ് നടന്ന തീയതി	ബന്ധപ്പെട്ട സ്ഥാപനത്തിന്റെ പേരും മറ്റു വിവരവും
തിരുവനന്തപുരം	21.12.1999	മൂന്ന് ഹോട്ടലുകളിൽ നിന്നുമായി നേതാജി ഗ്യാസ് ഏജൻസിയിൽ നിന്നും വിതരണം ചെയ്യപ്പെട്ട 17 ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുത്തു. ഗ്യാസ് ഏജൻസിയെ സസ്പെന്റ് ചെയ്തിട്ടുണ്ട്.
പത്തനംതിട്ട	14.2.1999	രണ്ടു ഹോട്ടലുകളിൽ നിന്നുമായി ജോബി ഗ്യാസ് ഏജൻസീസ്, ശബരി ഗ്യാസ് ഏജൻസി എന്നിവയിൽ നിന്നും വിതരണം ചെയ്ത 3 സിലിണ്ടറുകൾ പിടിച്ചെടുത്തു.
കൊല്ലം	4.11.1999	30 ഹോട്ടലുകളിൽ റെയ്ഡ് നടത്തി 24 സിലിണ്ടറുകൾ പിടിച്ചെടുത്തു.
	19.2.2000	5 ഹോട്ടലുകളിൽ നിന്നുമായി 13 ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുത്തു. ഇതിൽ IOC-11, HPC-2
തൃശ്ശൂർ	11.1999	തൃശ്ശൂർ താലൂക്ക് -24 സിലിണ്ടറുകൾ (ഇതിൽ HPC-22, BPC-I, IOC-I)
		ചാവക്കാട് താലൂക്ക് - 1 സിലിണ്ടർ (IOC) തലപ്പിള്ളി താലൂക്ക് -3 സിലിണ്ടർ(IOC)
	2.2000	മുകുന്ദപുരം താലൂക്ക്-7 സിലിണ്ടർ(IOC)

LIBRARY ARCHIVES Kerala Legislative Assembly